LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട്ടിലെ മുക്കിൽ പീടികയിൽ 10 ഗ്രീൻ ഹോംസ് പണിയുന്നതിനായി ജി.ഒ. (ആർറ്റി.) നമ്പർ 183/2013/പജ.പവ.വിവ. തീയതി, 11-2-2013, ജി.ഒ. (ആർറ്റി.) നമ്പർ 1285/2013/പജ.പവ.വിവ. തീയതി 13-9-2013 എന്നിവ പ്രകാരം M/s. സ്വാമിനാഥൻ ഫൗണ്ടേഷന് 42.44 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) M/s. സ്വാമിനാഥൻ ഫൗണ്ടേഷൻ നൽകിയ പ്രൊപ്പോസൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രയോജനപ്രദമാവുമെന്ന് കണ്ടെത്തിയ സാഹചര്യത്തിലാണ് ഉത്തരവ് നൽകിയത്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾ ഒന്നുംതന്നെ എൻ.ജി.ഒ.-കൾക്ക് നൽകിയിട്ടില്ല.

പട്ടികവർഗ്ഗ ക്ഷേമത്തിനായി 2013-14 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക

305 (2543) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ക്ഷേമത്തിനായി 2013-14 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങൾക്കായിരുന്നു പ്രസ്തുത തുക വകയിരുത്തിയിരുന്നതെന്ന് വിശദമാക്കാമോ ;

(സി) 2013-14 സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ ക്ഷേമത്തിനായി 2013-14 വർഷത്തെ ബഡ്ജറ്റിൽ, സംസ്ഥാന/കേന്ദ്ര സഹായ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന് 319.3325 കോടി രൂപയാണ് വകയിരുത്തിയിരുന്നത്.

(ബി) പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ ആരോഗ്യ-പശ്ചാത്തല സൗകര്യങ്ങൾക്കും മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കുമാണ് തുക വകയിരുത്തിയിരുന്നത്.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ 303.34 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.